**നവമാധ്യമങ്ങളുടെ ഉപയോഗം വിശ്വാസപരിപോഷണത്തിന് അനിവാര്യം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

ഡിജിറ്റൽ യുഗത്തിൽ നവമാധ്യമങ്ങളുടെ സാധ്യതകളെ വിശ്വാസപരിപോഷണത്തിനായി ഉപയോഗിക്കണമെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. സീറോമലബാർ സഭയുടെ ആരാധനക്രമകമ്മീഷന്റെ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആരാധനക്രമകമ്മീഷന്റെ വളർച്ചയിൽ സുപ്രധാനപങ്കുവഹിക്കുവാൻ വെബ്സൈറ്റിനു കഴിയുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ആരാധനക്രമപ്രവർത്തനങ്ങളുടെ ഏകോപനത്തിനും വിശ്വാസകൈമാറ്റത്തിനും ഈ പുതിയ സംരംഭം നിദാനമാകട്ടെയെന്ന് എറണാകുളം-അങ്കമാലി അതിരൂപതാമെത്രാപ്പോലീത്തൻ വികാരി ആർച്ചുബിഷപ് മാർ ആന്റണി കരിയിൽ ആശംസിച്ചു.

ആരാധനക്രമസംബന്ധമായ വിഷയങ്ങളും വാർത്തകളും വിശ്വാസികളിലേക്ക് എത്തിക്കാനും, സംശയങ്ങൾക്കു ഉത്തരം നല്കാനും വെബ്സൈറ്റ് ഉപകാരപ്പെടുമെന്ന് കമ്മീഷൻ ചെയർമാൻ മാർ തോമസ് ഇലവനാൽ പ്രസ്താവിച്ചു. ആരാധനക്രമകമ്മീഷനുമായി ബന്ധപ്പെട്ട എല്ലാകാര്യങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്. ആരാധനക്രമഗ്രന്ഥങ്ങൾ, പഞ്ചാംഗം, സുറിയാനിഗീതങ്ങൾ, തിരുനാളുകൾ, സുവിശേഷവ്യാഖ്യാനങ്ങൾ തുടങ്ങിയവയെല്ലാം ഈ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടു***ണ്ട്***. syromalabarliturgy.org എന്നാണ് പുതിയ വെബ്സൈറ്റിന്റെ മേൽവിലാസം. ആരാധനക്രമകമ്മീഷൻ സെക്രട്ടറി ഫാ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ, ഇന്റർനെറ്റ് മിഷൻ ഡയറക്ടർ ഫാ. സെബി കുളങ്ങര, സി. നിർമൽ എം. എസ്. ജെ. തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.